## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 652** **01.12.2015-ൽ മറുപടിയ്ക്ക്**

## ആദിവാസി മേഖലകളിലെ വികസന പദ്ധതികൾ

**ചോദ്യം**
**ശ്രീ.വി.ചെന്താമരാക്ഷൻ**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | നെന്മാറ നിയോജക മണ്ഡലത്തിലെ നെല്ലിയാമ്പതി പഞ്ചായത്തിലെയും, മുതലമട പഞ്ചായത്തിലുള്ള പറമ്പികുളത്തെയും, ആദിവാസി വിഭാഗക്കാരിൽ എത്ര പേർക്കാണ് സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തത് എന്ന് വിശദമാക്കുമോ; | എ) | നെന്മാറ നിയോജക മണ്ഡലത്തിലെ നെല്ലിയാമ്പതി പഞ്ചായത്തിലെയും മുതലമട പഞ്ചായത്തിലെയും 317 പേർക്കാണ് സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തത്. |
| ബി) | ഇവർക്ക് സ്ഥലവും വീടും നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | ബി) | 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകുന്നതിനുള്ള അപേക്ഷ ലഭിച്ചവയിന്മേൽ നടപടികൾ കൈക്കൊണ്ടുവരുന്നു. പറമ്പിക്കുളം കോളനിയിൽ നിന്നും 40 പേരെ ഭവന നിർമ്മാണ ധനസഹായത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ ആറളം ഫാമിൽ വീടും സ്ഥലവും അനുവദിക്കാനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെല്ലിയാമ്പതി, പറമ്പിക്കുളം ആദിവാസി മേഖലകളിൽ നടപ്പിലാക്കിയ വികസന പദ്ധതികളെ സംബന്ധിച്ച വിശദാംശം നൽകുമോ? | സി) | പട്ടികവർഗ വികസന വകുപ്പിന്റെ ഭക്ഷ്യസഹായ പദ്ധതിയിലുൾപ്പെട്ട പറമ്പിക്കുളത്തെയും നെല്ലിയാമ്പതിയിലെയും എല്ലാ ആദിവാസി കുടുംബങ്ങൾക്കും പഞ്ഞമാസങ്ങളിൽ (ജൂൺ മാസം മുതൽ |

| | | | |
|---|---|---|---|
| | | | സെപ്റ്റംബർ മാസം വരെയുള്ള കാലയളവിൽ) അരി, ഭക്ഷ്യധാന്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നുണ്ട്. 2012-13 വർഷം ഭരണഘടനയുടെ ആർട്ടിക്കിൾ 275(1)ൽ ഉൾപ്പെടുത്തി പറമ്പി ക്കുളത്തെ തേക്കടി അല്ലിമൂപ്പൻ, തേക്കടി മുപ്പതേക്കർ കോളനി എന്നിവിടങ്ങളിലെ കുടിവെള്ള പദ്ധതികൾക്കായി 10 ലക്ഷം രൂപ വീതം ആകെ 20 ലക്ഷം രൂപ മുതലമട പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. 2014-15 വർഷത്തെ എ.ടി.എസ്.പി.യിൽ ഉൾപ്പെടുത്തി കോഴി വളർത്തൽ, ആരോഗ്യം, കൃഷി, കുടിവെള്ളം എന്നിവക്കായി അല്ലിമൂപ്പൻ കോളനിക്ക് 40,33,200/- രൂപയും(നാല്പത് ലക്ഷത്തി മുപ്പത്തിമൂവായിരത്തി ഇരുന്നൂറ് രൂപ മാത്രം) കോഴിവളർത്തൽ, ആരോഗ്യം, ഏകാധ്യാപക വിദ്യാലയ റിപ്പയർ എന്നിവക്കായി ചെറുനെല്ലി കോളനിക്ക് 6,21,440/- രൂപയും (ആറ് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി നാനൂറ്റി നാല്പത് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പറമ്പിക്കുളം മേഖലയിലെ വിവിധ കോളനികളിലായി 40 വീടുകൾ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ